ശ്രീ. സി. കെ. ബാലകൃഷ്ണൻ: സർ, അജൻറായിലെ മറെറാരു ഐറത്തിലേക്ക് കടന്നതിനുശേഷം പിന്നെയും ഇതു പറയുന്നത് ഓർഡറിലാണോ ?

ഡെ: സ്പീക്കർ: ഓർഡർ, ഓർഡർ. തിങ്കളാഴ്ചയോ ചൊവ്വാഴ്ചയോ ഇതിനെസംബന്ധിച്ച് മറുപടി പറയും.

4. LEGISLATIVE BUSINESS

THE KERALA LAND REFORMS (AMENDMENT) BILL, 1968—(*cont.*)
CLAUSE 7

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി): സർ, ഇന്നലെ ക്ലാസ് 7-നെപ്പററിയായിരുന്നു സംസാരിച്ചുകൊണ്ടിരുന്നപ്പോൾ അത് മാററിവയ്ക്കണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് മാററിവച്ചു. ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ ഒരു ഭേദഗതി തന്നതനുസരിച്ച് ആ ക്ലാസ് റീ ഡ്രാഫ്റ്റു ചെയ്യുന്നതിനുവേണ്ടിയാണ് മാററിവച്ചിരുന്നത്. ഗവൺമെൻറു ഭാഗത്തുനിന്നും റീഡ്രാഫ്റ്റുചെയ്തിരിക്കയാണ്. അത് ഞാൻ വായിക്കാം.

For clause 7, the following clause shall be substituted, namely:—

" 7. *Substitution of new sections for section* 6*A*.—For section 6A of the Principal Act, the following section shall be substituted, namely:—

6A. *Certain persons who were holding land on or after* 1*st December*, 1930, *to be deemed tenants*.—Notwithstanding anything to the contrary contained in any law, or in any contract, custom or usage, or in any judgment, decree or order of court, a person in possession of immovable property in any area in the State to which the Malabar Tenancy Act, 1929, extended, whether as mortgagee or otherwise, shall be deemed to be a tenant if—

(a) the property in his possession consists of agricultural land;

(b) he or any of his predecessors-in-interest was holding the property as a tenant on or after the 1st day of December, 1930; and

(c) the tenancy was terminated after the 1st of December, 1930 and before the commencement of this Act, but his predecessor-in-interest or himself continued in possession of the property, without interruption, whether as a mortgagee with possession or otherwise, from the date of such termination till the commencement of this Act.

Explanation I.—For the purposes of clause (b), " tenant " means a tenant as defined in the Malabar Tenancy Act, 1929, as in force on the 1st day of November, 1956.

Explanation II.—*An interruption for a period not exceeding an agricultural year immediately following the termination of the tenancy shall not be deemed to be an interruption for the purposes of clause* (*c*).

6B. *Certain mortgagees in areas to which Malabar Tenancy Act extended to be deemed tenants*.—Notwithstanding anything to the contrary contained in any law, or in any contract, custom or usage, or in any

LIBRARY ARCHIVES Kerala Legislative Assembly

judgment, decree or order of court, a mortgagee with possession of immovable property at the commencement of the Kerala Land Reforms (Amendment) Act, 1969, in any area in the State to which the Malabar Tenancy Act, 1929, extended, shall be deemed to be a tenant if—

(a) he was holding such property in consideration of payment of customary dues, or any amount specified as michavaram in the document evidencing the transaction; or

(b) there is a provision in such document for renewal on the expiry of a specified period.''

ശ്രീ. ഗോപാലകൃഷ്ണന്റെ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്.

In clause 7, after sub-clause (c) of the proposed section 6A of the Principal Act, the following shall be added, namely:—

" or (d) he was, at the commencement of this Act, was holding the said property in consideration for making payment of michavaram or customary dues or both to the transferor or his successor-in-interest.''

ഇത് റീ ഡ്രാഫ്റ്റുചെയ്ത് സഭയുടെ മുമ്പിൽ വയ്ക്കുകയാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഇത് സർക്കുലേറ്റു ചെയ്തിട്ടുണ്ടോ ?

ഡെ: സ്പീക്കർ: ഇത് ഒരു മെമ്പറുടെ നിർദ്ദേശം സ്വീകരിച്ചുകൊണ്ട് റീ ഡ്രാഫ്റ്റു ചെയ്തതാണ്.

ശ്രീ. കെ. കരുണാകരൻ: ഇത് ഒന്നു വായിച്ചുനോക്കാൻ സമയം കിട്ടിയില്ല.

ഡെ: സ്പീക്കർ: ഇത് ഇവിടെ വായിച്ചല്ലോ.

ശ്രീമതി കെ. ആർ. ഗൗരി: സെക്ഷന്റെ ആശയം അതേപടി നിറുത്തിക്കൊണ്ടുതന്നെ 6 (ബി) എന്നു മോർട്ടുഗേജുകാരുടെ കാര്യം കൂട്ടിച്ചേർത്തു എന്നേയുള്ളു.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ശ്രീ. ഗോപാലകൃഷ്ണന്റെ ഭേദഗതി ഇത് കൊച്ചി ഏരിയായിലേക്കുകൂടി വ്യാപിപ്പിക്കണമെന്നുള്ളതാണ്. എന്നാൽ ഇതുപ്രകാരം മലബാർ ടെനൻസി ആക്ടനുസരിച്ചുള്ള ഏരിയായ്ക്കു മാത്രമാണ് ബാധകമാകുന്നത്. ഞാൻ ചോദിക്കുന്നത് എന്തുകൊണ്ട് ഇത് സ്റ്റേറ്റു മുഴുവൻ ബാധകമാക്കിക്കൂടാ. അതുകൊണ്ട് അപകടം വല്ലതുമുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരി: കൊച്ചിയിൽ വേറൊരു നിയമമുണ്ട്, ഇവിടെ ഇങ്ങനെ വേണമെന്നു സെലക്ട് കമ്മിറ്റിയിൽ പറഞ്ഞതുകൊണ്ടാണ് മലബാറിലേക്കു വന്നത്. തിരുവിതാംകൂർ ഭാഗത്തേക്കുകൂടി വ്യാപിപ്പിക്കണമെന്നുള്ള കാര്യത്തിൽ അവിടെ വലിയ തർക്കമുണ്ടായി. സെലക്ട് കമ്മിറ്റിയിൽ വളരെ അഭിപ്രായവ്യത്യാസം വന്നതുകൊണ്ടാണ് തിരുവിതാംകൂർ ഭാഗത്തേക്ക് വ്യാപിപ്പിക്കാത്തത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: കർഷകസംഘം പ്രസിഡൻറ് ഗോപാലകൃഷ്ണമേനോനും മറ്റും ഡ്രാഫ്റ്റ് കണ്ടതിനുശേഷവും ഗവൺമെൻറിൽ നിവേദനം നടത്തിയിട്ടുണ്ട്. ഇതിൽ ഏതെങ്കിലും ഒരു ഇൻസിഡൻറുള്ള പൊസിഷനാണെങ്കിൽ ടെനൻസി റൈറ്റുകൊടുക്കണം.

'either payment of customary dues, or michavaram or renewal' എന്നു പറയുന്ന എന്തെങ്കിലും കണ്ടീഷൻ അല്ലെങ്കിൽ കാണത്തിൻെറ ഡഫനിഷനിൽ പറഞ്ഞിരിക്കുന്നതുപോലെ പലിശ കൊടുക്കണമെന്ന നിബന്ധനയോ ഇത്തരത്തിൽ കൊച്ചി ഏരിയായിൽ വരേണ്ടതാണ്. ശ്രീ. ഗോപാലകൃഷ്ണൻെറ ഭേദഗതിയുടെ ഉദ്ദേശവും അതാണ്.

ശ്രീമതി കെ. ആർ. ഗൗരി: ചാവക്കാട് പ്രദേശത്താണ് ഇതുള്ളത്, അവിടത്തെ പ്രത്യേകതയാണത്. കൊടുങ്ങല്ലൂരല്ല, അവിടെ ആധാരങ്ങളിൽ വർഷം വച്ചുകാണുകയില്ല. ചിലപ്പോൾ കാണും. ചാവക്കാടു പ്രദേശത്തിൻെറ പ്രത്യേകതകൂടി കണക്കിലെടുത്തുകൊണ്ട് ഉള്ള ഒരു ഭേദഗതിയാണ് കൊണ്ടുവന്നിരിക്കുന്നത്. തിരുവിതാംകൂർ പ്രദേശത്ത് പണയത്തിനും കരിപ്പണയത്തിനും എല്ലാം പ്രത്യേകം കണ്ടീഷൻസ് പറഞ്ഞിട്ടുണ്ടെങ്കിലും ഇൻറർസ്റ്റു കൊടുക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. കല്ലുപ്പാറയെ സംബന്ധിച്ചിടത്തോളമാണെങ്കിൽ ഏതെങ്കിലും പ്രത്യേകത കാണും. തിരുവല്ലയിൽ ഇങ്ങനെ പ്രമാണത്തിൽ വ്യക്തമായിട്ട് എഴുതിവയ്ക്കണമെന്നില്ല; ഉണ്ടായിരുന്നാൽ മതി. ആ നിലക്ക് ഈ ഭേദഗതികൂടി, മലബാർ ഭാഗത്തെ പ്രത്യേക പരിതസ്ഥിതികൂടി കണക്കിലെടുത്തുകൊണ്ട് കൊണ്ടുവന്നിരിക്കുന്ന ഈ ഭേദഗതികൂടി സ്വീകരിക്കണമെന്നാണ് എൻെറ അഭിപ്രായം.

ശ്രീ. പന്തളം പി. ആർ. മാധവൻപിള്ള: ഈ ക്ലോസ് തിങ്കളാഴ്ചയിലേക്ക് ഒന്നു മാറ്റിവച്ചാൽ എന്താണ്? അപ്പോൾ നമുക്ക് ഒന്നുകൂടെ നോക്കാൻ പറ്റും.

ശ്രീമതി കെ. ആർ. ഗൗരി: അങ്ങനെ ആയിക്കൊള്ളട്ടെ.

ശ്രീ. കെ. കരുണാകരൻ: അപ്പോൾ ഈ ഭേദഗതി സർക്കുലേറ്റു ചെയ്യണം.

ശ്രീമതി കെ. ആർ. ഗൗരി: ചെയ്യാം.

ഡെ: സ്പീക്കർ: ക്ലോസ് 16-ലേക്കു കടക്കാം.

Clause 16

Shri E. T. Kunhan: Sir, I move:

(No. 279) In clause 16 (Section 15 of the Principal Act proposed to be amended) add the following proviso:

"Provided further that no landlord shall be entitled to resume any land under this section from any tenant who was entitled to fixity of tenure in respect of his holding, immediately before the 21st January, 1961 under any law then in force."

(No. 280) In clause 16 (Section 15 of the Principal Act proposed to be amended) renumber the explanation as Explanation I and add the following as Explanation II;

LIBRARY ARCHIVES Kerala Legislative Assembly

"Explanation II.—For the purposes of this section where a husband or wife is owning a house for his or her residence any resumption asked for under this section shall be presumed as not bonafide."

സർ, മലബാർ പ്രദേശത്തെ സംബന്ധിച്ചിടത്തോളം ഈ ഭേദഗതികളും പരസ്പരം ബന്ധപ്പെട്ടതാണ്. മലബാർ പ്രദേശത്ത് ഈ 15–ം 16–ം വകുപ്പുകളിൽ പറയുന്ന സ്വന്തം ആവശ്യത്തിന് കെട്ടിടം വയ്ക്കാനോ അല്ലെങ്കിൽ കൃഷിയാവശ്യത്തിനോവേണ്ടി ഒഴിപ്പിക്കാം എന്ന വ്യവസ്ഥയില്ലാത്തതുകൊണ്ട് അങ്ങനെ ഒഴിപ്പിക്കുന്ന ഒരു വ്യവസ്ഥ ഇതിൽ ഉണ്ടാക്കരുതെന്നു പറയാൻവേണ്ടിയാണ് ഞാൻ ഇതു പറഞ്ഞിട്ടുള്ളത്.

Shri M. Ramunni: Sir, I move:

(281) In clause 16 (Section 15 of the principal Act proposed to be amended), delete the amendment proposed and add the following as Explanation II:

"Explanation II.—For the purposes of section 15, 16A, 17A and 18—(a) 'Scheduled Castes' means Scheduled Castes in relation to this State as specified in the Constitution (Scheduled Castes) Modification Order, 1956;

(b) 'Scheduled Tribes' means Scheduled Tribes in relation to this State as specified in the Constitution (Scheduled Tribes) Modification Order, 1956."

സർ, ഞാൻ ഇതു കൊണ്ടുവരാനുണ്ടായ പ്രധാനകാരണം, ഞാൻ ഇന്നലെ പറഞ്ഞതുപോലെ ഈ സെലക്ടു കമ്മിറ്റി റിപ്പോർട്ടു വന്നപ്പോൾ പ്രിൻസിപ്പൽ ആക്ടിലെ.....

ശ്രീമതി കെ. ആർ. ഗൗരി: മിസ്റ്റർ രാമുണ്ണി സംസാരിക്കുന്നതിനു മുമ്പ് ഞാൻ ഒന്നു പറഞ്ഞുകൊള്ളട്ടെ. ഈ എക്സ്പ്ലനേഷൻ എടുത്തു കളഞ്ഞിട്ടില്ല. 16, 17, 18 എന്നീ വകുപ്പുകളിലെ പ്രൊവൈസോകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. എം. രാമുണ്ണി: ഈ ഭേദഗതി സെക്ഷൻ 15–ലാണ് ആദ്യം ഉണ്ടായിരുന്നത്. സെലക്ടു കമ്മിറ്റിയിൽ അദ്ധ്യക്ഷത വഹിച്ച നമ്മുടെ ബഹുമാനപ്പെട്ട റവന്യൂ മന്ത്രിയോട് 16, 17, 18 എന്നീ വകുപ്പുകളിൽകൂടി ഈ പരിരക്ഷ നൽകണമെന്നു ആവശ്യപ്പെട്ടപ്പോൾ അതു സ്വീകരിക്കുകയാണുണ്ടായത്. അതിനു ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് നന്ദിയുള്ളവനാണ്. പക്ഷെ, ഇപ്പോഴത്തെ ഭേദഗതിയനുസരിച്ച് 15–ാം വകുപ്പിലുള്ള പരിരക്ഷ ലഭിക്കാതെ വരികയും ബാക്കി ക്ലോസ്സുകളിൽ ഉള്ളതുമാത്രം നിലനിൽക്കുകയും ചെയ്യുന്നതായിട്ടുള്ള ഒരു വൈരുദ്ധ്യം വരും. 16–ം 17–ം വകുപ്പുകളിലെ മാറ്റം പരിരക്ഷാ വകുപ്പുകളാണെന്ന് ഞാൻ സമ്മതിക്കുന്നു. പക്ഷെ, 15–ാം വകുപ്പിൽനിന്ന് ആ പരിരക്ഷ എടുത്തുകളഞ്ഞത്.....

ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ: 14, 15, 16, 17 വകുപ്പുകളും പ്രകാരം ഒഴിപ്പിക്കുന്നതിനുള്ള നടപടികളും എന്തെല്ലാമാണെന്ന് 18–ാം വകുപ്പിലാണ് പറയുന്നത്. അതായത്—

'Resumption under sections 14, 15, 16 and 17' എന്ന് ഇപ്പോൾ ഉൾപ്പെടുത്തിയിരിക്കുന്നത് ജനറൽ കണ്ടീഷനായിട്ട് ആണ്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ]

'no land in the possession of a tenant who is a member of a Scheduled Caste or Scheduled Tribe shall be resumed.'

ഇത് ജനറൽ കണ്ടീഷനായി വന്നപ്പോൾ 15-ാം വകുപ്പിൽ പ്രത്യേകമായിട്ടില്ലെങ്കിലും കുഴപ്പമുണ്ടാകുകയില്ല.

ശ്രീ. എം. രാമുണ്ണി: സ്വാഭാവികമായും ഉണ്ടാകും.

ശ്രീ. കെ. കരുണാകരൻ: ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ 18-ാം വകുപ്പനുസരിച്ച് ഒരു വർഷത്തിനകത്ത് അപേക്ഷ കൊടുത്തിട്ടില്ലാത്തതുകൊണ്ട് ആ വകുപ്പ് ഇപ്പോൾ ജീവനില്ലാത്ത വകുപ്പാണ്.

ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ: അതിന് സബ് ക്ലോസ് (4) ഉണ്ട്.

ശ്രീ. എം. രാമുണ്ണി: പട്ടികജാതി പട്ടികവർഗ്ഗങ്ങളെ സംബന്ധിച്ചിടത്തോളം അവരെ യാതൊരു കാരണാവശാലും ഒഴിപ്പിക്കാൻ പറ്റുന്ന വിധത്തിലുള്ള പഴുതുകൾ ഈ ബില്ലിൽ ഇല്ലാത്തവിധത്തിലുള്ള പരിരക്ഷാ വ്യവസ്ഥകൾ ഈ വകുപ്പുകളിൽ ഉൾപ്പെടുത്തണമെന്നായിരുന്നു ഞാൻ ആവശ്യപ്പെട്ടിരുന്നത്. അത് ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ 16, 17, 18 എന്നീ ക്ലോസ്സുകളിൽ ഈ പരിരക്ഷാ വകുപ്പുകൾ ഉൾപ്പെടുത്തിയിട്ടുമുണ്ട്. എങ്കിലും ഈ 15-ാം വകുപ്പുപ്രകാരം ഒരു ഭൂവുടമസ്ഥൻ വീടു വയ്ക്കാൻ ആവശ്യമുണ്ടെങ്കിൽ 20-ഓ 50-ഓ സെന്റ് ഒഴിപ്പിച്ചെടുക്കാം. ഈ ക്ലോസ്സുപ്രകാരവും പരിരക്ഷ കിട്ടണമെന്നാണ് എന്റെ അഭിപ്രായം. അതു മാറ്റിക്കൊണ്ടുള്ള 15-ാം ക്ലാസ്സിനുള്ള ഭേദഗതികൾ പിൻവലിക്കണമെന്നും 16-ലും 17-ലും 18-ലുമുള്ള പരിരക്ഷ കിട്ടണമെന്നും അഭ്യർത്ഥിക്കുകയാണ്.

ശ്രീമതി കെ. ആർ. ഗൗരി: തർക്കം വേണ്ട. ഞാൻ അതു വായിച്ചു കേൾപ്പിക്കാം.

ഡെ: സ്പീക്കർ: ഇനി ചില ഭേദഗതികൾകൂടി അവതരിപ്പിക്കാനുണ്ട്. അതു കഴിഞ്ഞിട്ട് ആകുന്നതാണു നല്ലത്.

ശ്രീ. സി. ഗോവിന്ദപ്പണിക്കർ: സർ, മലബാർ ഭാഗങ്ങളെ സംബന്ധിച്ചു നോക്കുമ്പോൾ മലബാർ കുടിയായ്മ നിയമപ്രകാരം കൃഷിക്കാർ നേടിയെടുത്തിട്ടുള്ള അവകാശങ്ങളും അവർ ഇപ്പോൾ കൈവശം വച്ചനുഭവിച്ചുവരുന്ന ഭൂമിയും ഒഴിപ്പിക്കുക എന്നു പറയുന്നത് വളരെ വിഷമമുള്ള കാര്യമാണ്. അതിനോടു ബന്ധപ്പെട്ട കാര്യമാണ് ഏക്കറിനെ സംബന്ധിച്ചുള്ള കാര്യവും. ഈ കാര്യം പ്രത്യേകം പരിഗണിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോടഭ്യർത്ഥിക്കുന്നു.

Shri R. Krishnan (Alathur): I move:

(No. 287) In clause 16, (in section 15 of the Principal Act p oposed to be amended), after the existing clause, the following shall be added, namely:—

"In section 15 of the Principal Act, in the opening paragraph for the words 'five standard acres' substitute "½ acre".

LIBRARY ARCHIVES Kerala Legislative Assembly

(No. 288) In clause 16, (in section 15 of the Principal Act proposed to be amended), after the existing clause, the following shall be added, namely:—

"In section 15 of the Principal Act, number the existing explanation as Explanation I and add the following as Explanation II, namely:—

'Explanation II—For the purposes of this section where a husband or wife is owning a house for his or her residence any resumption asked for under this section shall be presumed as not bona fide;'"

(No. 289) In clause 16 (in section 15 of the Principal Act proposed to be amended), after the existing clause, the following shall be added, namely:—

"In section 15 of the Principal Act, add the following proviso:—

'Provided further that no landlord shall be entitled to resume any land under this section from any tenant who was entitled to fixity of tenure in respect of his holding, immediately before the 21st January, 1961 under any law then in force'".

Shri C. K. Rajan: Sir, I move:

In clause 16 (section 15 of the Principal Act proposed to be amended) delete the words "the second proviso shall be omitted" and add the following: Delete the Words "or is in the possession of land less than five standard acres" and add instead of that the words "which is fit for constructing a house".

രണ്ടാമത്തെ പ്രൊവൈസോ ഡിലീറ്റ് ചെയ്യരുതെന്നാണ് ഞാൻ ഉദ്ദേശിച്ചിരിക്കുന്നത്. അതുപോലെതന്നെ 5 ഏക്കർവരെയുള്ള ഭൂമി ഒഴിപ്പിക്കാം എന്നു പറഞ്ഞിരിക്കുന്നതും എടുത്തുകളയണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. കാരണം വീടു വയ്ക്കാൻ സ്ഥലം ഉണ്ടെങ്കിൽ അങ്ങനെയുള്ള ആളുകൾക്കു ഒഴിപ്പിക്കാനുള്ള അധികാരം കൊടുക്കരുത്. ഈ ഭേദഗതി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. ടി. ജോർജ്: സർ, 16-ാം വകുപ്പ് എടുത്തുകളയണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. ഇന്നലെ ഇവിടെ ഈ നിയമനിർമ്മാണ നടപടികളെക്കുറിച്ചു നടന്ന ചർച്ചയിൽ ഞങ്ങൾക്കു പങ്കെടുക്കാൻ സാധിച്ചിട്ടില്ല. അതുകൊണ്ട് ഇതു പറയുന്ന സന്ദർഭത്തിൽ ഇന്നലെ നടന്ന മുഴുവൻ കാര്യങ്ങളും ഗ്രഹിച്ചിട്ടല്ല സംസാരിക്കുന്നത് എന്നുകൂടി കണക്കിലെടുക്കണം. ഏതായാലും പ്രതിപക്ഷത്തിന്റെ അസാന്നിദ്ധ്യത്തിൽ പല വകുപ്പുകളും വളരെ വേഗം പാസ്സാക്കിയെടുത്ത് മിടുക്കുകാണിച്ചെങ്കിൽത്തന്നെയും പലതും ഭരണഘടനാവിരുദ്ധവും ഈ രാജ്യത്തെ ജനങ്ങളുടെ ഉത്തമ താൽപര്യങ്ങൾക്കു യോജിച്ചതല്ലെന്നുംകൂടി പറയാൻ ഞാനാഗ്രഹിക്കുകയാണ്. സർ, 15-ാം വകുപ്പിൽ രണ്ടാമത്തെ പ്രൊവൈസോ എടുത്തുകളയണം. എന്താണ് ഇതിന് ഗവൺമെന്റിനെ പ്രേരിപ്പിച്ചത് എന്നെനിക്കു മനസ്സിലാകുന്നില്ല. ശ്രീമാൻ പി. ടി. ചാക്കോ എഴുതി പാസ്സാക്കിയ ലാൻഡ് റിഫോംസ് ബില്ലിലെ 15-ാം വകുപ്പിൽ 2-ാമത്തെ പ്രൊവൈസോയിൽ പറഞ്ഞിട്ടുള്ളത് ഇതുമാത്രമാണ്. അതായത്—

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ടി ജോർജ്ജ്]

'provided further that no landlord shall be entitled to resume under this section any land in the possession of tenant belonging to the Scheduled Castes or Scheduled Tribes.'

വീടു പണിയുന്നതിനുവേണ്ടി ടെനൻറിന്റെ കൈയിൽനിന്നും ഭൂമി തിരിച്ചുവാങ്ങുന്ന അവസരത്തിൽ ആ ഭൂമി ഒരു ഷെഡ്യൂൾഡ് കാസ്റ്റ് അംഗത്തിന്റെ കൈയിലാണ് ഇരിക്കുന്നതെങ്കിൽ അയാൾക്ക് പരിരക്ഷ നൽകണമെന്ന് പഴയ നിയമത്തിലുണ്ടായിരുന്നു. ആ ആനുകൂല്യം ഇന്നത്തെ 16-ാം വകുപ്പുമൂലം എടുത്തു കളഞ്ഞിരിക്കുകയാണ്. തുച്ഛമായ ഭൂമിമാത്രം കൈവശം വച്ചുകൊണ്ടിരിക്കുന്ന ഹരിജനങ്ങളുടെ കൈയിൽനിന്നും ഈ കാരണം പറഞ്ഞു ഭൂമി തിരിച്ചു വാങ്ങണമോ ? ഇതിന് ഈ ബില്ലിൽ മറെവിടെയോ പരിരക്ഷ ഉണ്ടെന്നു പറയുന്നതു മനസ്സിലാകുന്നില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഈ ബില്ലിലെ clause 18 (അതായത് പഴയ ആക്ടിലെ section 16)-ൽ ഇതെല്ലാം സ്പെസിഫിക്കായി പറയുന്നുണ്ട്.

ശ്രീ. കെ. ടി. ജോർജ്: 16-ാം വകുപ്പിനെക്കുറിച്ചാണു ഞാൻ സംസാരിക്കുന്നത്. അങ്ങനെയാണെങ്കിൽ 18-ാം വകുപ്പിൽ 'provided that no small-holder shall be entitled to resume under this section any land' എന്നെഴുതിച്ചേർക്കുന്നതിന്റെ കാര്യം എന്താണെന്നു മനസ്സിലാകുന്നില്ല. 16(എ)-യിൽ 'Resumption by small-holder from tenants holding more than the ceiling area'—എന്നു പറഞ്ഞിട്ട് അതിന്റെ പ്രൊവൈസോ ആയി, ഹരിജനങ്ങളുടെ കൈയിൽനിന്ന് ഒഴിപ്പിക്കാൻ പാടില്ലെന്നു വ്യക്തമായി പറഞ്ഞിരിക്കേ ഓരോ വകുപ്പിനും പ്രത്യേകം പരിരക്ഷ വേണമോ വേണ്ടയോ എന്നുള്ളത് അതാതു വകുപ്പിൽ എഴുതിച്ചേർക്കുന്നതായിരിക്കും നല്ലത്. എന്റെ അഭിപ്രായത്തിൽ ഹരിജനങ്ങളുടെ പരിരക്ഷ ഉറപ്പാക്കുന്ന വകുപ്പ് നീക്കംചെയ്തതു ശരിയായില്ല.

ശ്രീ. കെ. കരുണാകരൻ: സർ, 15, 16, 17 എന്നീ വകുപ്പുകളുടെ കണ്ടീഷൻസ് ഉറപ്പാക്കിക്കൊണ്ടുള്ളതാണ് 18-ാം വകുപ്പ്. 15-ാം വകുപ്പ് അനുസരിച്ചുള്ള ഒഴിപ്പിക്കലിൽനിന്ന് ഹരിജനങ്ങളെ മാറ്റിനിറുത്തണമെന്നു പറഞ്ഞാൽ തീർച്ചയായും അത് ആശയക്കുഴപ്പമുണ്ടാക്കും. റവന്യൂ മിനിസ്റ്ററുടെ വാദഗതി പുതുതായി ഒരു ഉപവകുപ്പ് ചേർത്തിട്ടുണ്ടെന്നാണ്. അങ്ങനെയാണെങ്കിൽത്തന്നെയും ഒരു വകുപ്പിന്റെ പ്രൊവൈസോ ആയി ചേർത്തിട്ടുള്ളതു മാറ്റിയതിനുശേഷം ഒരു ഉപവകുപ്പ് ചേർത്തു എന്നു പറഞ്ഞാൽ അതിന്റെ സാധുതയെക്കുറിച്ച് ചോദ്യം ചെയ്യാനിടയുണ്ട്. ഹരിജനങ്ങളുടെ താൽപര്യങ്ങൾ പരിരക്ഷിക്കുന്ന കാര്യത്തിൽ യാതൊരുവിധ സംശയത്തിനും ഇടംകൊടുക്കാത്ത നിലയിൽ വ്യക്തമാക്കേണ്ടത് ആവശ്യമാണെന്നുള്ളതുകൊണ്ട് ഈ പ്രൊവൈസോ നീക്കംചെയ്യണമെന്നുള്ള ഭേദഗതി അംഗീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. ഇ. അഹമ്മദ്: സർ, പ്രൊവൈസോയെ സംബന്ധിച്ച് ശ്രീമാൻ കരുണാകരനും ശ്രീമാൻ ജോർജ്ജും ഇവിടെ സംസാരിച്ചു.

സർ, അത് ഈ ക്ലോസിൽ ഉൾപ്പെടുത്തിയാലും ഫലം ഒന്നുതന്നെയാണ്. എനിക്കു സംസാരിക്കാനുള്ളത് ശ്രീ. ആലത്തൂർ കൃഷ്ണൻ സംസാരിച്ചതിനെപ്പറ്റിയാണ്. അദ്ദേഹം പറഞ്ഞു ഒഴിപ്പിക്കൽ എന്നു

LIBRARY ARCHIVES Kerala Legislative Assembly

ള്ളത് പറഞ്ഞിട്ടില്ലെന്ന്. ആ സ്ഥിതിവിശേഷം ഉണ്ടാകും. ഇതിൽ പറയുന്നത് ഉത്തമ വിശ്വാസത്തോടുകൂടി വീടു വയ്ക്കണമെങ്കിൽ ഒഴിപ്പിക്കണമെന്നാണ്. വെറുതെ ഒഴിപ്പിച്ച് വീടു വയ്ക്കണമെന്നു പറയാൻ കഴിയുകയില്ല. ബോണഫൈഡിയായിരിക്കണമെന്നു പറഞ്ഞിട്ടുണ്ട്. ബോണഫൈഡി തെളിയിക്കണമെങ്കിൽ അപേക്ഷകൻ പല കാര്യങ്ങളും തെളിയിക്കണം. ഇതിൽ കണ്ടീഷൻസ് പറഞ്ഞിട്ടുണ്ട്. വലിയ ജന്മിയായിരിക്കുകയില്ല, ചെറിയ ജന്മിയായിരിക്കും. അങ്ങനെയുള്ള ഒരാൾക്ക് ഒഴിപ്പിക്കാൻ സാധിക്കുന്ന പരിതഃസ്ഥിതിയായാലും ഒഴിപ്പിക്കരുതെന്നു പറയുന്നത് സാമാന്യ നീതിക്കു നിരക്കുന്നതായിരിക്കുകയില്ല. അതുകൊണ്ട് ഇതിൽ യാതൊരു മാറ്റവും വരുത്താൻ പാടില്ല. ഇത് ഇതുപോലെതന്നെ നിലനിറുത്തണം. ഇതിനുള്ള ഭേദഗതികളും സ്വീകരിക്കരുതെന്നു ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോടഭ്യർത്ഥിക്കുകയാണ്. ഹരിജനങ്ങളെ സംബന്ധിച്ചിടത്തോളം ഏതെല്ലാം നിലക്ക് പരിരക്ഷ കൊടുക്കാൻ സാധിക്കുമോ ആ നിലയിൽ കൊടുക്കുകയും വേണം, ഓരോ ക്ലോസിലും ഓരോ പ്രൊവൈസോ ചേർത്താൽ തരക്കേടില്ല. അവർക്ക് ഇന്നു കിട്ടുന്ന പരിരക്ഷക്ക് യാതൊരു വിഘ്നവും വരുത്താൻ പാടില്ല.

ശ്രീമതി കെ. ആർ. ഗൗരി: സർ, ആദ്യമായിട്ട് ശ്രീ. രാമുണ്ണിയുടെ ആശങ്ക മാറ്റുന്നതിനുവേണ്ടി ഞാൻ ക്ലോസുകളും വായിക്കാം. ഒറിജിനൽ ആക്ടിൽ 18–ൽ പറഞ്ഞിരുന്നത്

General conditions and restrictions applicable to resumption under sections 15, 14, 16 and 17

എന്നാണ്. മുൻപ് 15–ൽ മാത്രം റെസ്ട്രിക്ട് ചെയ്തിരുന്നത്

No land in the possession of a tenant who is a member of a Scheduled Caste or Scheduled Tribe shall be resumed.

എന്നാണ്. അപ്പോൾ 14-ൽ ഇല്ല, 15–ൽ ഇല്ല, 16–ൽ ഇല്ല, 17–ൽ ഇല്ല. അതുകൊണ്ട് ശ്രീ. രാമുണ്ണി വിഷമിക്കേണ്ട. ഹരിജനങ്ങൾക്ക് എല്ലായിടത്തും പ്രൊട്ടക്ഷൻ കൊടുത്തിട്ടുണ്ട്.

ശ്രീമാൻ ജോർജ്ജ് ഇവിടെ 16 (എ) യെപ്പറ്റി പറഞ്ഞു. 16 (എ)-ൽ പറയുന്നത് proviso—no small-holder shall be entitled to resume under this section any land in the possession of a tenant who is a member of a Scheduled Caste or a Scheduled Tribe എന്നാണ്. അതുകൊണ്ടാണ് 16 (എ) സ്പെസിഫിക്കായി ഹരിജനങ്ങളെ ഒഴിപ്പിച്ചുകൂടാ എന്നെഴുതിയത്. അപ്പോൾ 14, 15, 16, 17, 16 (എ) ഇവ ചേർത്തിട്ടുണ്ട്. അതുകൊണ്ട് ഷെഡ്യൂൾഡ് കാസ്റ്റിനെ യാതൊരു കാരണവശാലും ഒഴിപ്പിക്കുകയില്ല. ഒഴിപ്പിക്കലിന്റെ സെക്ഷൻ പ്രത്യേകമാണ്. ആ സെക്ഷൻ മറ്റു കണ്ടീഷൻസിനു ബാധകമല്ല. ആ വിധത്തിൽ എഴുതിയിരിക്കുന്നത് സ്പെസിഫിക്കായി ആപ്ലിക്കബിൾ ആക്കുക എന്നാണ്. ബാക്കിയെല്ലാം കാലാവധി കഴിഞ്ഞതാണ്. ഇത് യാതൊരു വിധത്തിലും ഷെഡ്യൂൾഡ് കാസ്റ്റിന് ഒരു ദോഷവും വരുത്തുന്നില്ല.

ശ്രീ. കെ. കരുണാകരൻ: 16, 17 ഇവ മറ്റുള്ള വകുപ്പുകൾക്കു ബാധകമല്ലെന്നുള്ളത് അംഗീകരിക്കുന്നു. ഒറിജിനൽ ആക്റ്റിലെ 16–ാം വകുപ്പിന് ഈ ഭേദഗതി കൊണ്ടുള്ള പ്രയോജനമെന്താണ് ? കാരണം ഹരിജനാണെങ്കിലും സീലിംഗ് ഏരിയായിൽ കൂടുതൽ ഭൂമിയുണ്ടെങ്കിൽ കൊടുക്കാൻ വ്യവസ്ഥയില്ല. 16–ൽ പറയുന്നത് സീലിംഗ് ഏരിയായിൽ കൂടുതലുള്ള ഭൂമി ഉടമസ്ഥനു തിരിച്ചെടുക്കാമെന്നാണ്.

ശ്രീമതി കെ. ആർ. ഗൗരി: ഷെഡ്യൂൾഡ് കാസ്റ്റിന്റെ കൈയ്യിലാണ് ഭൂമിയെങ്കിൽ സീലിംഗ് കഴിഞ്ഞുള്ളതു സറണ്ടർ ചെയ്താൽമതി.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

അതാണു വ്യവസ്ഥ. അതുതന്നെയാണ് പ്രത്യേകമായ പരിഗണനയായി കൊടുത്തിരിക്കുന്നത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: 16 (എ) സ്പെസിഫൈ ചെയ്യുന്നില്ല.

ശ്രീമതി കെ. ആർ. ഗൗരി: 16-ാം വകുപ്പ് കഴിഞ്ഞിട്ട് അഡീഷണലായിട്ട് ചേർത്തിട്ടുള്ളതാണ് 16 (എ). അല്ലാതെ വേറെ ഒന്നും അല്ല. 15, 16, 16 (എ), 17 ഇങ്ങനെ പറയേണ്ടിവരും. അവിടെ ഭേദഗതി വരുത്തിയിട്ടില്ല. അതുകൊണ്ടാണ് 16 (എ) പ്രത്യേകിച്ച് പറഞ്ഞിട്ടുള്ളത്.

ഇവിടെ വീടുകൂടി വയ്ക്കുന്നതിനായിട്ട് ഒഴിപ്പിച്ചു കൊടുക്കണമെന്നും പറഞ്ഞ് 585 അപേക്ഷകൾ വന്നിട്ടുണ്ട്. ഇനിയും കൊടുക്കേണ്ടതായിട്ടുണ്ടെന്നും അറിയാം. പട്ടാളക്കാർ ഉണ്ട്, മൈനർ ഉണ്ട്. അവരെല്ലാം ആറു മാസത്തിനകം അപേക്ഷിച്ചിരിക്കണമെന്ന് വ്യവസ്ഥയുണ്ട്. അതിൽ സ്വീകരിച്ചിട്ടുള്ളത് 52 എണ്ണം, റിജക്ട് ചെയ്തത് 405, ബാലൻസ് നിൽക്കുന്നത് 128. എങ്കിലും മെമ്പർമാരിൽ നിന്നും മറ്റു വിധത്തിലുള്ള അഭിപ്രായങ്ങൾ വന്നതുകൊണ്ട് ഞാൻ ഒരു ഭേദഗതി വയ്ക്കുകയാണ്. ഭേദഗതി എന്താണെന്നു വച്ചാൽ ഒഴിപ്പിക്കരുത് എന്നല്ല. അഞ്ചു സ്റ്റാൻഡേർഡ് ഏക്കർ എന്നു പറഞ്ഞാൽ 20 ഏക്കർ വരെ പോകും. വീടുവയ്ക്കുവാൻ 20 ഏക്കർ ഉള്ള ആളുകൾക്ക് ഒഴിപ്പിച്ചെടുക്കേണ്ടയാവശ്യമില്ല. വീടുവയ്ക്കുന്ന ആവശ്യത്തിന് രണ്ടേക്കർ വസ്തു ഉള്ള ആളിന് ഒഴിപ്പിച്ച് എടുക്കാം. അഞ്ചു സ്റ്റാൻഡേർഡ് ഏക്കർ എന്നു പറഞ്ഞാൽ 20 ഏക്കർ എങ്കിലും ആകും. ഷെഡ്യൂളിൽ നാല് ഏക്കറും വരാം. ചിലയിടത്ത് $2\frac{1}{2}$ ഏക്കറും വരും. ഡ്രൈലാൻഡ് ഒരിടത്തും നാലേക്കർ ആയിരിക്കുകയില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: പള്ളിയൽ ലാൻഡ് ആണ നാലേക്കർ എന്നു പറഞ്ഞിട്ടുള്ളത്.

ശ്രീമതി കെ. ആർ. ഗൗരി: പള്ളിയൽ ലാൻഡ് മൂന്ന് ഏക്കറെങ്കിലും വരും. അഞ്ചു സ്റ്റാൻഡേർഡ് ഏക്കർ എന്നു പറഞ്ഞാൽ 15 ഏക്കറെങ്കിലും വരും, ചില ഭൂമികളിൽ രണ്ടര ഏക്കറെ വരികയുള്ളൂ. 128 അപേക്ഷകൾ അനുസരിച്ചേ മറ്റു വിഭാഗക്കാർക്കു കൊടുക്കുവാൻ പറ്റുകയുള്ളൂ. പിന്നെ കൊടുക്കുവാൻ പറ്റുന്ന വിഭാഗം മൈനറും പട്ടാളക്കാരും ആണ്. അവർക്ക് ആറുമാസത്തെ കാലാവധി കൊടുക്കുന്നുണ്ട്. ഒഴിപ്പിക്കാൻ രണ്ടേക്കർ കൈവശമുള്ള ആളുകളെ സംബന്ധിച്ച്..... in the place of five standard acres, two acres in extent....എന്നുകൂടി ചേർക്കണം.

ശ്രീ കെ. മൊയ്തീൻകുട്ടി ഹാജി: രണ്ടേക്കർ എന്നുപറഞ്ഞാൽ പറ്റുകയില്ല. രണ്ടേക്കർ എന്നു പറഞ്ഞാൽ കൃഷി ഭൂമിയാണെങ്കിൽ കൃഷി ചെയ്യുവാൻ മാത്രമേ അനുവദിക്കുകയുള്ളൂ. കൃഷിഭൂമിയിൽ തീർച്ചയായിട്ടും വീടു വയ്ക്കുവാൻ സാധിക്കുകയില്ല. കൃഷിഭൂമിയിൽ പുര വയ്ക്കാൻ പാടില്ലെന്നുള്ള റൂൾ ഉദ്യോഗസ്ഥന്മാർ ശരിക്കും പാലിക്കുകയാണ്. കൃഷി ഭൂമിയിൽ വീടു വച്ചാൽ അതു പൊളിച്ചു മാറ്റുകയാണ്. കൃഷി ഭൂമി മാത്രമുള്ളവൻ എന്നും വാടക വീട്ടിൽത്തന്നെ കഴിയേണ്ടിവരും. ഇതിന് ഒരു പ്രൊവിഷൻ ഉണ്ടാക്കാനുള്ള വഴി കണ്ടുപിടിക്കണം.

ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ: അഗ്രേറിയൻ റിലേഷൻസ് ആക്ടിൽ ഏക്കറേജ് പറയാതെ ബോണഫൈഡി റികയർമെൻറ് എന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിട്ടുള്ളത്. ആ നിലയിൽ ഒരു ഭേദഗതി ഈ ബില്ലിലും വരുത്തിയാൽ പോരെ ?

ശ്രീ. ഇ. അഹമ്മദ്: സർ, ഞാൻ ഒരു വസ്തുത പറയുകയാണ്. ഒരു കൊല്ലമെങ്കിലും കഴിഞ്ഞിട്ടായിരിക്കും മലബാർ ഭാഗത്തുള്ള പാവപ്പെട്ട ചെറുകിട ജന്മിമാർ അറിയുന്നത്. അതൊരു വസ്തുതയാണ്. വസ്തുതകളും വസ്തുതകളായി അംഗീകരിക്കണം. ഈ ഒരു കൊല്ലം കഴിഞ്ഞിട്ട് ഇത്ര അപേക്ഷകളെ കിട്ടിയിട്ടുള്ളൂ അതുകൊണ്ട് ഇനി അപേക്ഷകളും പ്രതീക്ഷിക്കേണ്ടതില്ലെന്നു പറയുന്നതു ശരിയല്ല. അതിനാൽ മൈനർക്കും പട്ടാളക്കാർക്കും ഉള്ള അവകാശം മറ്റുള്ളവർക്കും കൂടി കൊടുക്കണം.

ശ്രീ. കെ. കരുണാകരൻ: ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് അപേക്ഷകൾ വളരെ കുറച്ചേ ഉള്ളൂവെന്നാണ്. ആക്ടിന്റെ പ്രൊവിഷനിൽ ഉള്ളത് നിയമപരമായ നടപടികൾ മൂലം ഒഴിപ്പിച്ചെടുക്കാമെന്നാണ്. എന്നാൽ കൂടിയാലോചനകൾ വഴി ഒഴിഞ്ഞു കൊടുക്കുന്നവർ ഉണ്ട്. ഈ നിയമം പാസ്സായിക്കഴിഞ്ഞാൽ ഒരു വിധത്തിലും ഒഴിപ്പിച്ചെടുക്കുവാൻ സാധിക്കുകയില്ല.

ശ്രീമതി കെ. ആർ. ഗൗരി: ശ്രീ. കരുണാകരന്റെ അഭിപ്രായം ശരിയായിരിക്കാം. പക്ഷെ ഗവർമ്മെണ്ടിന്റെ അറിവിൽ ഇത്രയും അപേക്ഷകളെ കിട്ടിയിട്ടുള്ളൂ. നാനൂറിൽ ചിലപ്പോൾ തള്ളി. ബാക്കി 128 ആണ് ഉള്ളത്. ഇനി നിയമപ്രകാരം പട്ടാളക്കാർക്കും മൈനർക്കും മാത്രമെ അവകാശമുള്ളൂ. അതാണ് ഇതിനകത്തുള്ള വകുപ്പ്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: രണ്ടേക്കർ എന്നുള്ളത് 'other than nilam' എന്നു കൂടി ചേർക്കണം.

ശ്രീമതി കെ. ആർ. ഗൗരി: 'Other than nilam' എന്നു കൂടി ചേർക്കണം. രണ്ടാമത് ഇത് ഒഴിപ്പിക്കുമ്പോൾ കുടിയാന്റെ കൈവശമുള്ളത് 20 സെന്റ് എന്നുള്ളത് 50 സെന്റ് എന്നാക്കുന്നതാണ്. സ്മാൾ ഹോൾഡർ എന്നതിന് ഭേദഗതി ഇല്ല. കൃഷിക്ക് ഒഴിപ്പിക്കുകയാണെങ്കിൽ പുര വയ്ക്കാം. 'other than nilam' എന്നു ചേർക്കാം. മറ്റ് അപേക്ഷകളെ സംബന്ധിച്ച് കാലാവധി കഴിഞ്ഞു.

ശ്രീ. സി. കെ. രാജൻ: 'അതർ ദാൻ നിലം' എന്നു പറയുന്നത്, പുര വയ്ക്കുവാൻ പറ്റുന്ന നിലങ്ങൾ ഉണ്ട്. കൃഷിയിറക്കുന്ന നിലങ്ങളും ഉണ്ട്. ഇതിന്റെ പേരിൽ എല്ലാ നിലങ്ങളും ഒഴിപ്പിച്ചെടുക്കുവാൻ സാധിക്കും അതുകൊണ്ട് which is fit for constructing a house എന്നു ചേർക്കണം.

ശ്രീ. കെ. കരുണാകരൻ: കൃഷിസ്ഥലമായിട്ട് ഉപയോഗിക്കുന്ന സ്ഥലമാണെങ്കിൽ അവിടെ വീട് വച്ചാൽ ഒബ്ജറ് ചെയ്യും.

ശ്രീ. സി. കെ. രാജൻ: ആ വളപ്പിൽ പുര വയ്ക്കുവാൻ പാടില്ലെന്ന് പറഞ്ഞ് ഒഴിപ്പിക്കാൻ.....

ഡെപ്യൂട്ടി സ്പീക്കർ: ലാൻഡ് റിക്കാർഡിൽ നിലമാണോ പുരയിടമാണോ എന്നു കാണുമല്ലൊ.

ശ്രീ. സി. കെ. രാജൻ: രണ്ടുമൂന്നു കൊല്ലങ്ങളായിട്ട് സ്ഥിരമായി നെൽക്കൃഷി ചെയ്യുന്ന സ്ഥലങ്ങൾ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: ഇതെല്ലാം കാലാവധി കഴിഞ്ഞ ക്ലോസ്സുകളാണ്. ഈ ക്ലോസ്സ് അനുസരിച്ച് കിട്ടിയിട്ടുള്ള അപേക്ഷകൾ 504, ആണ്, അനുവദിച്ചത് 16 ഉള്ളൂ. 333 അപേക്ഷകൾ തള്ളിക്കളഞ്ഞു. കാലാവധി കഴിഞ്ഞത് 157 ആണ്. ഇനിയും ഈ വകുപ്പ് പരിഗണിക്കുവാൻ സാധിക്കുന്നതല്ല. പട്ടാളക്കാരും മൈനറും മാത്രമെ അവശേഷിക്കുന്നുള്ളൂ. പട്ടാളക്കാർക്ക് അനുവദിക്കാതിരിക്കുവാൻ സെൻട്രൽ ഗവർമ്മെണ്ട് സമ്മതിക്കുകയില്ല. പഴയ നിയമത്തിൽ പറഞ്ഞിരുന്നത് അവർ പട്ടാളത്തിൽ പോയി തിരികെ വരുന്നതുവരെ ഉള്ള കാലം എന്നായിരുന്നു. എന്നാൽ ഇതിൽ അതിന് മാറ്റം വരുത്തിയിരിക്കുകയാണ്. അവരുടെ കാലാവധി കഴിഞ്ഞ് വരുന്നതുവരെ കാത്തിരിക്കുവാൻ പറ്റുകയില്ല. ഈ നിയമം പാസ്സായിക്കഴിഞ്ഞാൽ അവർ ആറു മാസത്തിനകം അപേക്ഷിച്ചിരിക്കണം.

ശ്രീ. കെ. കരുണാകരൻ: അത് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്ന പ്രശ്നമാണ്. നമ്മുടെ രാജ്യം രക്ഷിക്കാൻ വേണ്ടിയിട്ട് അതിർത്തിയിൽ ജീവിക്കുന്ന ആളുകൾ അവർക്ക് ഈ രാജ്യത്ത് എന്താണു നടക്കുന്നതെന്നുള്ള കാര്യം ചിലപ്പോൾ ഈ കാലാവധി കഴിഞ്ഞതിനുശേഷമെ അറിയുവാൻ പറ്റുകയുള്ളൂ. നമ്മുടെ രാജ്യം രക്ഷിക്കുന്ന ആളുകളാണ്. അവരെ സംബന്ധിച്ചിടത്തോളം വലിയ അന്യായമായിരിക്കും. വലിയ ജന്മികളൊന്നുമല്ല പട്ടാളത്തിൽ പോകുന്നത് പാവപ്പെട്ടവർ 'ഉദരനിമിത്തം ബഹുകൃതവേഷം' കെട്ടുന്നതാണ്. വളരെ തുച്ഛമായ ശമ്പളത്തിനുവേണ്ടി, നമ്മുടെ രാജ്യം രക്ഷിക്കുന്നതിനായി അതിർത്തിയിൽ പോയി കഴിയുന്നവരാണ്. അവർക്കുവേണ്ടി ബഹുമാനപ്പെട്ട റവന്യൂമിനിസ്റ്റർ വേണ്ടത് സ്വീകരിക്കണം.

ശ്രീമതി കെ. ആർ. ഗൗരി: സെൻട്രൽ ഗവർമ്മെണ്ടും ഹോം ഡിപ്പാർട്ടുമെന്റും സർക്കുലർ ഇറക്കിയിട്ടുണ്ട്. അതിന്റെ കോപ്പി ഇവിടെയും അയച്ചുതന്നിട്ടുണ്ട്.

ശ്രീ. സി. എസ്. നീലകണ്ഠൻ നായർ: അവർ നിശ്ചിതകാലാവധിക്കകം അപേക്ഷ കൊടുത്തിരുന്നാൽ മതി. സിമെൻ എയർമെൻ ആക്ടനുസരിച്ച് അവർക്ക് വേറെ പ്രൊവിഷൻ ഉണ്ട്.

ശ്രീമതി കെ. ആർ. ഗൗരി: 'സിമെൻ എയർമെൻ' നിയമത്തിലെ വ്യവസ്ഥകൾ എനിക്ക് അറിയാൻ പാടില്ല. I move the following oral amendment.

Amendment of section 15: In section 15 of the Principal Act,

(a) in the opening paragraph for the words 'any land or is in possession of land less than five standard acres' the words 'any land other than nilam or is in possession of less than two acres in extent of such land' shall be substituted,

(b) for the first proviso, the following proviso shall be substituted, namely:—

"Provided that by such resumption, the total extent of land other than nilam in the possession of the landlord shall not be raised above two acres and the total extent of land in the possession of the tenant shall not be reduced below fifty cents",

LIBRARY ARCHIVES Kerala Legislative Assembly

(c) the second proviso shall be omitted.

The amendment was put and carried.

The amendments (Nos. 123, 124 and 125) moved by Shri P. K. Gopalakrishnan were, by leave withdrawn.

The amendments (Nos. 279 and 280) moved by Shri E. T. Kunhan were, by leave withdrawn.

The amendment (No. 281) moved by Shri M. Ramunni was, by leave withdrawn.

The amendment (No. 286) moved by Shri C. Govinda Panicker was, by leave withdrawn.

The amendments (Nos. 287 and 289) moved by Shri R. Krishnan (Alathur) were, by leave, withdrawn.

The amendment (No. 306) moved by Shri C. K. Rajan was, by leave withdrawn.

The question that Clause 16, as amended, stands part of the Bill was put and carried.

Clause 16, as amended, was added to the Bill.

Clause 17

Deputy Speaker: Shri K. Moideenkutty Haji may move amendment No. 290.

Shri K. Moideenkutty Haji: Sir, I move:

(No. 290) In clause 17, (in section 16 of the Principal Act proposed to be amended), after the existing clause, the following clause shall be added, namely:—

"In section 16 of the Principal Act, after the words 'A landlord' insert the words "who does not own more than the ceiling area, and"

Deputy Speaker: Order, order, the hon. member can continue the next day. Now we pass on to the next item on the agenda.

5. PRIVATE MEMBERS' BUSINESS

REPORT OF THE COMMITTEE ON PRIVATE MEMBERS' BILLS AND RESOLUTIONS

[10 A.M.]

ശ്രീ. കെ. കെ. അബു: സർ, സ്വകാര്യ അംഗങ്ങളുടെ ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച കമ്മിറ്റിയുടെ 1969 ലെ 12—ാമതു റിപ്പോർട്ട് ഞാൻ സമർപ്പിക്കുകയാണ്.

Shri K. Chandrasekhara Sastri: Sir, I second it.

LIBRARY ARCHIVES Kerala Legislative Assembly